**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ സർക്കാർ - സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഉൾപ്പടെ 2020 ൽ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം 404 ആയിരുന്നെങ്കിൽ ഇപ്പോൾ ഇത് 761 ആയി വർദ്ധിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ചികിത്സ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം 318912 ആയിരുന്നെങ്കിൽ ചിട്ടയായ പ്രവർത്തനത്തിന്റെ ഫലമായി 2021-22 -ൽ 541233 ഗുണഭോക്താക്കൾക്കും, ഈ സാമ്പത്തികവർഷം 2022 ഡിസംബർ മാസം വരെ മാത്രം 508120 ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം നൽകാനായി. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയിലധികം തുക ഈ ഇനത്തിൽ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. 2020- ൽ ആകെ 700 കോടിയോളം രൂപയാണ് സൗജന്യ ചികിത്സയ്ക്കായി** |

| | | | |
|---|---|---|---|
| | | | **വിനിയോഗിച്ചിരുന്നെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം 1400 കോടിയോളം രൂപയായി ഇത് വർദ്ധിച്ചു.**<br><br>**ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, തൃതീയ പരിചരണം, 26 സ്പെഷ്യലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനു ശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.**<br><br>**മേൽപ്പറഞ്ഞ സേവനങ്ങൾ കൃത്യതയാർന്ന രീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്ഥാപനതലത്തിലും ജില്ലാതലത്തിലും, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തലത്തിലും, വകുപ്പ് തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനയോഗം നടത്തിവരുന്നുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നിയമപ്രകാരം അർഹമായ കേന്ദ്ര വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 21.5 കുടുംബങ്ങൾക്ക് മാത്രമാണ് 60:40 അനുപാതത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്നത്. അതിൽ തന്നെ ഒരു കുടുംബത്തിന് 1052/- രൂപ പ്രീമിയം എന്ന രീതിയിൽ കണക്കാക്കി അതിന്റെ 60% ആയ 631.2/- രൂപ നിരക്കിൽ ആകെ 138 കോടി രൂപ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി പദ്ധതിക്ക് ലഭിക്കുന്നത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മാത്രം 1262 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചത്. ഫലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിക്കുന്ന തുകയുടെ 90% സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. ഈ സാമ്പത്തികവർഷം 800 കോടി രൂപ ഇതിനകം തന്നെ സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചുകഴിഞ്ഞു. |
| (സി) | നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പ്രകാരമുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി വിഹിതം അനുവദിക്കണമെന്ന ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ സമീപനം വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ ആവശ്യമായ അനുകൂല നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ? | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) പദ്ധതി പ്രകാരം ഉള്ള AAY, PHH കുടുംബങ്ങളെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആയതിനു ചെലവുവരുന്ന മുഴുവൻ തുകയുടെ 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതം അനുവദിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് കേന്ദ്രസർക്കാർ തത്വത്തിൽ അനുമതി നൽകിയെങ്കിലും നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നതുപോലെ 21.57 ലക്ഷം കുടുംബങ്ങൾക്ക് മാത്രമായി പ്രതിവർഷം 138 കോടി രൂപ മാത്രമേ നൽകുകയുള്ളൂ എന്നാണ് നാഷണൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരമുള്ള കുടുംബങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തുന്നതിനും അർഹതപ്പെട്ട വിഹിതം പൂർണ്ണമായും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിലും, നാഷണൽ ഹെൽത്ത് അതോറിറ്റിയിലും നിരന്തരം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ